**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1939** **04-02-2026 - ൽ മറുപടിയ്ക്ക്**

**കായിക താരങ്ങൾക്ക് സ്കൂളുകളിൽ നിയമനം നൽകുന്ന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **ശ്രീ. വി. അബ്ദുറഹിമാൻ (ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | കായിക താരങ്ങൾക്ക് നിയമനം നൽകുന്ന പദ്ധതി പ്രകാരം കേരളത്തിലെ സ്കൂളുകളിൽ കായിക അധ്യാപകരായി കായിക താരങ്ങളെ നിയമിക്കുന്നതിന് വകുപ്പ് മുൻകൈ എടുക്കുമോ; വ്യക്തമാക്കുമോ; | (എ) | പ്രസ്തുത പദ്ധതി നിലവിലില്ല. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം ജോലി ലഭിക്കുന്ന കായിക താരങ്ങൾ സംസ്ഥാനത്തെ കായിക രംഗം മെച്ചപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | പ്രസ്തുത പദ്ധതി നിലവിലില്ല. |
| (സി) | സംസ്ഥാനത്ത് പുതിയ കായിക പ്രതിഭകളെ കണ്ടെത്തുന്നതിന് വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വിശദമാക്കാമോ? | (സി) | പുതിയ കായികപ്രതിഭകളെ കണ്ടെത്തുന്നതിനായി കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ നേതൃത്വത്തിൽ വിവിധ കായിക ഇനങ്ങളിൽ അക്കാദമികൾ പ്രവർത്തിച്ചുവരുന്നു. ഇതിലേക്കായി കായികപ്രതിഭകളെ കണ്ടെത്തുന്നതിന് പ്രത്യേക സെലക്ഷൻ നടത്തി മികവുറ്റ പ്രതിഭകളെ കണ്ടെത്തുന്നു. ഇതിനായി എല്ലാ വർഷവും സംസ്ഥാനത്തിന്റെ എല്ലാ ജില്ലകളിലും പ്രത്യേക സെലക്ഷൻ നടത്തി കായികതാരങ്ങളെ തെരഞ്ഞെടുത്തു മികച്ച പരിശീലനം നല്കി വരുന്നു.<br><br>കൂടാതെ, ചെറുപ്പത്തിൽ തന്നെ ലോകോത്തര കായിക താരങ്ങളെ കണ്ടെത്തി കേരളത്തിന്റെ രാജ്യാന്തര കായിക യശസ് പുനരുജ്ജീവിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി കായികയുവജന കാര്യാലയത്തിന്റെ കീഴിൽ ഹെൽത്തി കിഡ്സ്, ഗോൾ, ജൂഡോക്ക, പഞ്ച് എന്നീ ഗ്രാസ്സ് റൂട്ട് പരിശീലന പരിപാടികൾ നടപ്പിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ